ക്കാതെ കൊടുത്തതായി സ്റ്റോക്കബുക്കിൽ ചെലവുകാണിച്ച് ടിയാൻ അപഹരിച്ചിട്ടുള്ളതായും ഗവൺമെണ്ടിനു റിപ്പോർട്ട കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

മരാമത്തും ഗതാഗതവും കൃഷിയുംവകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്): (എ) & (ബി) വെറൈറ്റിനറി ഡയറക്ടരെപ്പറ്റി ചില പരാതികൾ ലഭിച്ചിട്ടുണ്ട്. അതിന്മേൽ ഗവൺമെണ്ട് നടപടികൾ എടുത്തുകൊണ്ടിരിക്കയാണ്.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: വെറൈറ്റിനറി സ്റ്റോറിൽനിന്നും മരുന്ന് അപഹരിച്ചതിനെ സംബന്ധിച്ച് പോലീസ് ഏതെങ്കിലും കേസ്സ് റജിസ്റ്റർ ചെയ്തിട്ടുണ്ടോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അറിയാൻ പാടില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇതിനെ സംബന്ധിച്ച് ഗവൺമെണ്ട് അന്വേഷണം നടത്തുമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: നടത്താം.

Sri. P. Balakrishnan Tampi: In view of the volley of questions, will the Government be pleased adequately to protect the interests of this officer?

Sri. E. John Philipose: I have already stated in the House that it is Government's duty to protect the interests of their officers. At the same time, corrupt officers will be weeded out.

ശ്രീ. സി. വി. ഐയ്യു: കൊച്ചിസംസ്ഥാനത്തിൽ വെറൈറ്റിനറി ഡയറക്ടരായിരുന്ന ആളെ തിരുവിതാംകൂർ കൊച്ചിസംസ്ഥാനത്തിലെ വെറൈറ്റിനറി ഡയറക്ടരായി നിയമിച്ചിട്ടുണ്ടോ?

ശ്രീ ഇ. ജോൺ ഫിലിപ്പോസ്: ഉണ്ട്.

തിരുവനന്തപുരം വെറൈറ്റിനറി സ്റ്റോർ

* ൪൪൪. (൨൪) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വെറൈറ്റിനറിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

തിരുവനന്തപുരം വെറൈറ്റിനറി സ്റ്റോറിൽനിന്നും ഒട്ടുവളരെ മരുന്നുകളും മറ്റു സാധനങ്ങളും അപഹരിച്ചിട്ടുള്ളതായും പല കമ്പനിക്കാരുടേയും മരുന്നുകൾ വന്നാൽ ഉടൻ പൊട്ടിച്ച് ചെക്കുചെയ്യാതെ മരുന്നുകുപ്പികൾ പൊട്ടിപ്പോയിയെന്നും അല്ലെങ്കിൽ ഇല്ലായിരുന്നുവെന്നും പറഞ്ഞു കമ്പനിക്കാർക്ക് വില കൊടുക്കാതെ അവരെ കബളിപ്പിക്കാൻ ശ്രമിച്ചതായും ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

മരാമത്തും ഗതാഗതവും കൃഷിയുംവകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്): ഉണ്ട്.

ശ്രീ. കണ്ണാറഗോപാലപ്പണിക്കർ: അതിനെ സംബന്ധിച്ച് ഗവൺമെണ്ടു വല്ല നടപടികളും കൈക്കൊണ്ടിട്ടുണ്ടോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: നടപടികൾ നടത്തിക്കൊണ്ടിരിക്കയാണു്.

ശ്രീ. പി. നാണു: ഈ വെറൈറ്റിനറി ഡയറക്ടരേക്കാൾ കൂടുതൽ യോഗ്യതയുള്ള ആളുകൾ വേറെ ഏതെങ്കിലും ജോലിയിൽ ഇരിപ്പുണ്ടോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: നിശ്ചയമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. വി. ഇയ്യു: ശിക്ഷിച്ചിട്ടുള്ളതു വെറ്ററിനറി ഡയറക്ടരെയല്ല, മറ്റു ചില ഉദ്യോഗസ്ഥന്മാരെയാണു് എന്നു ഗവൺമെണ്ടിനറിയാമോ? അതു സംബന്ധിച്ചുള്ള ഗവൺമെണ്ടു് പ്രൊസീഡിംഗ്സ് വായിച്ചുനോക്കുവാൻ ബഹു മാനപ്പെട്ട മന്ത്രിക്കു് ഭയമുണ്ടാകുമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: വായിച്ചുനോക്കാം.

മോണോസൈറ്റ് ഫാക്ടറിയുടെ മൂലധനം

*൪൪൪. (൧൪) ശ്രീ. വി. കെ. വേലായുധൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

ആലുവാ മോണോസൈറ്റ് ഫാക്ടറിയുടെ മൂലധനം എന്തെന്നും, അതിൽ നമ്മുടെ ഗവൺമെണ്ടു് ഓഹരിയെന്തെന്നും പറയുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): ഒരുകോടി രൂപ. ഗവൺമെണ്ടിനു ഇതിൽ ൪൯ ശതമാനം ഓഹരിയുണ്ടു്.

പഞ്ചായത്തു രൂപീകരണം

*൪൪൫. (൧൫) ശ്രീ. വി. കെ. വേലായുധൻ: താഴെ കാണുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

പഞ്ചായത്തുനിയമം അനുസരിച്ചു് സ്റ്റേറ്റിൽ എവിടെയെങ്കിലും പഞ്ചായത്തുകൾ ഈ കൊല്ലം രൂപീകരിച്ചിട്ടുണ്ടോ?

വ്യവസായവും എക്സൈസും തദ്ദേശ സ്വയംഭരണവുംവകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞിരാമൻ): ഇല്ല.

വില്ലേജ് അസ്സിസ്റ്റന്റിനുവേണ്ടി ചെലവാക്കിയ തുക

*൪൪൬. (൧൬) ശ്രീ. വി. കെ. വേലായുധൻ: താഴെ കാണുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

൧൯൫൪-ലെ എഴുമാസംകൊണ്ടവസാനിച്ച ബഡ്ജറ്റുകാലത്തു് വില്ലേജ് അസ്സിസ്റ്റന്റിനുവേണ്ടി എന്തു തുക ചെലവാക്കി?

വ്യവസായവും എക്സൈസും തദ്ദേശ സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞിരാമൻ): ൪,൫൫,൫൨൨ രൂപാ.

ശ്രീ. വി. കെ. വേലായുധൻ: അനുവദിച്ചിട്ടുള്ള എതെങ്കിലും തുക ചെലവാക്കിക്കൂടാ എന്നു ഗവൺമെണ്ടു് നിർദ്ദേശിച്ചിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞിരാമൻ: ഇല്ല.

ശ്രീ. വി. കെ. വേലായുധൻ: കെട്ടിടം പണിയുവാനായി അനുവദിച്ചിട്ടുള്ള തുക ചെലവാക്കി ഇപ്പോൾ കെട്ടിടം പണിയേണ്ടാ എന്നു ഗവൺമെണ്ടു് ഏതെങ്കിലും പഞ്ചായത്തു കമ്മിറ്റിക്കാരോടു പറഞ്ഞിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞിരാമൻ: ചില കെട്ടിടങ്ങൾ ഇപ്പോൾ പണിയേണ്ടാ എന്നു ഗവൺമെണ്ടു് പറഞ്ഞിട്ടുണ്ടു്. അതിനുള്ള കാരണം പുതിയ വില്ലേജ്പഞ്ചായത്തു് അനുസരിച്ചു് പഞ്ചായത്തുകമ്മിറ്റികൾ രൂപീകരിക്കുമ്പോൾ ഈ കെട്ടിടങ്ങൾ ഉപയോഗപ്രദമല്ലാതെ വന്നേക്കുമെന്നുള്ളതാണു്.

LIBRARY ARCHIVES Kerala Legislative Assembly